**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T 1347 06.02.2020 ൽ മറുപടിയ്ക്ക്**

## അടൂർ ജനറൽ ആശുപത്രിക്ക് സ്ഥലം ലഭ്യമാക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.ചിറ്റയം ഗോപകുമാർ | | മറുപടി<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | അടൂർ ജനറൽ ആശുപത്രിയ്ക്ക് മതിയായ സ്ഥലമില്ലാത്തതിനാൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റേയും ജലവിഭവ വകുപ്പിന്റേതുമായ സ്ഥലങ്ങൾ ലഭ്യമാക്കുന്നതിനുള്ള നിവേദനത്തിന്മേൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടി വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) അടൂർ ജനറൽ ആശുപത്രിയുടെ നിലവിലുള്ള സ്ഥലപരിമിതി പരിഹരിക്കുന്നതിന് സമീപത്തുള്ള ഐ.എച്ച്.ആർ.ഡി അപ്ലൈഡ് സയൻസ് കോളേജ് ജലവിഭവ വകുപ്പിന്റെ ഉപയോഗ ശൂന്യമായി കിടക്കുന്ന സ്ഥലത്തേക്ക് മാറ്റാനും, അതുവഴി ആശുപത്രിക്ക് അധികസ്ഥലം ലഭ്യമാക്കുന്നതും സംബന്ധിച്ച് ജില്ലാ കളക്ടറിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി വിഷയം സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെയും, ജലവിഭവ വകുപ്പിന്റെയും അഭിപ്രായം ആരാഞ്ഞിട്ടുള്ളതും ആയത് ലഭ്യമായിട്ടില്ലാത്തതുമാണ്. ഇത് സംബന്ധിച്ച് A1/274/17/റവ നമ്പർ ഫയലിൽ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | വിവിധ വകുപ്പുതല ഭൂമി കൈമാറ്റ വിഷയമാകയാൽ റവന്യൂ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഇതര അനുബന്ധ വകുപ്പുതല ഉദ്യോഗസ്ഥരുടെ ഒരു സംയുക്തയോഗം വിളിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | (ബി) ഈ വിഷയത്തിൽ റവന്യൂ മന്ത്രിയുടെ സാന്നിധ്യത്തിൽ ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ സംയുക്ത യോഗം വിളിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ